**കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ**
**ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്**

**ഇ.എ(3) 7378/2018** തിരുവനന്തപുരം, തീയതി-**02/05/2019**

വിഷയം-സഹകരണ വകുപ്പ് - ജീവനക്കാര്യം -ഡ്രൈവർ ഗ്രേഡ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച്:-

പരാമർശം –**(1)** സർക്കാർ ഉത്തരവ് (എം.എസ്) നം.267/2013/(162)/ഫിൻ തീയതി 03/06/2013
**(2)** സർക്കാർ ഉത്തരവ് (എം.എസ്) നം.109/2001/സഹ തീയതി 09/11/2001
**(3)** 08/10/2015 തീയതിയിലെ ഇഎ(5) 55358/2014 നമ്പർ ഉത്തരവ്
**(4)** 28/11/2018 തീയതിയിലെ ഇഎ(3) 7378/2018 നമ്പർ ഉത്തരവ്
**(5)** 16/01/2019 തീയതിയിലെ ഇഎ(5) 236/2019 നമ്പർ ഉത്തരവ്
**(6)** 08/11/2018 തീയതിയിലെ ഇഎ(2) 8187/2018 നമ്പർ ഡ്രൈവർ ഗ്രേഡ് സീനിയോരിറ്റി ലിസ്റ്റ്

ഡ്രൈവർ റേഷ്യോ പ്രൊമോഷൻ അനുപാതം സൂചന **(1)** സർക്കാർ ഉത്തരവ് പ്രകാരം **1:1:1** ആയി നിശ്ചയിച്ചിട്ടുള്ളതാണ്. സൂചന **(2) (3)** പ്രകാരം ഒരു തസ്തിക കൂടി അനുവദിച്ചതിൻറെ അടിസ്ഥാനത്തിൽ ആകെ **18** തസ്തികകൾ ആണ് സഹകരണവകുപ്പിൽ നിലവിലുള്ളത്. സൂചന **(4)** ഉത്തരവ് പ്രകാരം വകുപ്പിലെ ഡ്രൈവർമാർക്ക് ഉദ്യോഗകയറ്റം നൽകി ഉത്തരവായിട്ടുണ്ട്. ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അഗസ്റ്റിൻ ജോസ്.എസ്.ഐ-ക്ക് സൂചന **(5)** പ്രകാരം ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റം വഴി നിയമനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ നിലവിലുള്ള അനുപാതം പരിഷ്കരിച്ച് ചുവടെ കൊടുക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിലെ ഡ്രൈവർമാരുടെ റേഷ്യോ **1:1:1** ആയി പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്ന പട്ടിക പ്രകാരം ഉദ്യോഗകയറ്റം നൽകി ഉത്തരവാകുന്നു.

| **ക്രമ നമ്പർ** | **പേരും തസ്തികയും** | **ഉദ്യോഗകയറ്റം നേടിയ തസ്തിക** | **ഉദ്യോഗകയറ്റം നേടിയ തീയതി** | **നിയന്ത്രണ ഉദ്യോഗസ്ഥൻ** |
|---|---|---|---|---|
| 1 | ശ്രീ.പത്മനാഭൻ നായർ (ഡ്രൈവർ ഗ്രേഡ് 1) | സീനിയർ ഗ്രേഡ് | 17/01/2019 | ജോയിന്റ് രജിസ്ട്രാർ(ജനറൽ) കാസർകോട് |
| 2 | ശ്രീ.കെ.പി.വിജയൻ (ഡ്രൈവർ ഗ്രേഡ് 2) | ഡ്രൈവർ ഗ്രേഡ് 1 | 17/01/2019 | ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആലപ്പുഴ |

ഈ ഉത്തരവിൽ ഏതെങ്കിലും വ്യക്തിയെ ഉൾപ്പെടുത്താതിരിക്കുകയോ ഈ ഉത്തരവ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമോ ഉള്ള പക്ഷം ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഈ ഉത്തരവില് ഉൾപ്പെട്ടവർ പ്രസ്തുത തസ്തികയിൽ ശമ്പളം പുനർനിർണയിക്കുന്നതിനു മുൻപ് ടിയാന്മാരുടെ ജനനത്തീയതി ഈ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ പ്രവേശിച്ച തീയതി എന്നിവ ബന്ധപ്പെട്ട നിയമനാധികാരികൾ പരിശോധിക്കേണ്ടതാണ്.

ഈ ഉത്തരവിന് 17/01/2019 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

എൻ.പ്രദീപ് കുമാർ

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എ)

വ്യക്തിയ്ക്ക് (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം)

പകർപ്പ് -

1. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ടെ മേശപ്പുറത്ത്
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ),കാസർകോട്
3. ജോയിന്റ് രജിസ്ട്രാർ(ജനറൽ),ആലപ്പുഴ
4. എല്ലാ ജില്ലകളിലേയും ജോയിന്റ് രജിസ്ട്രാർ(ജനറൽ)
5. സ്റ്റോക്ക് ഫയൽ/സ്പെയർ